


# കിരണം

## ഗവ.ഹൈസ്കൂൾ
## കാഞ്ഞിരംകുളം

(2023-2024)

# നമ്മുടെ പ്രചോദനം



പ്രിയപ്പെട്ടവരെ,

നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ ഒരു ഇ-മാഗസീൻ "കിരണം" തയ്യാറാക്കപ്പെട്ടത് നമുക്കേവർക്കും അഭിമാനം നല്കുന്ന ഒന്നാണ്.കുട്ടികൾ തന്നെയാണ് ഇതിന്റെ എല്ലാപ്രവർത്തനങ്ങളും നടത്തിയിട്ടുള്ളത്.ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ നടത്തിയ ഈ സംരഭത്തിന് എല്ലാ വിധത്തിലുമുള്ളആശിർവാദങ്ങളും നൽകുന്നു....

പ്രഥമാധ്യാപിക

ഗവ.ഹൈസ്കൂൾ

കാഞ്ഞിരംകുളം

# സന്ദേശം

ഇന്നത്തെ കമ്പ്യൂട്ടർ വൽകൃത യുഗത്തിൽ ഇ-മാഗസീനകളുടെ പ്രസക്തിപ്രത്യേകം വളഴെ വലിതാണ് .കുട്ടികളുടെയും മുതിർന്നവരുടെയും വായനാ ശേഷിയും സർഗ്ഗാത്മതയും വർദ്ധിപ്പിക്കാനും പ്രസിദ്ധികരികരണ വൈഷമ്യം സാധൂകരിക്കാനും ഇ-മാഗസ്സീനകൽക്ക് കഴിയുന്നുണ്ട്.മുഴൻവർഷങ്ങളിലെ പോലെ ഈ വർഷവും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക്''കിരണം''എന്നപേരിൽ ഇ-മാഗസീൻ നിർമ്മിച്ച് പ്രസിദ്ധികരിക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട് ഇ-മാഗസീൻ പ്രവർത്തനങ്ങീൾ നമ്മോടൊപ്പം ഉണ്ടായിരുന്ന എല്ലാഅംഗങ്ങൾക്കും പ്രത്യേകം നന്ദി...........

സ്നേഹത്തോടെ.......................

ലിറ്റിൽ കൈറ്റ് മാസ്റ്റർ/മിസ്ട്രസ്സ്

സുനിത കെ എൽ,ടെൽമ ഒ

# എഡിറ്റർമാർ

ലിറ്റിൽകൈറ്റ്സ് പ്രവർത്തനങ്ങളുടെ ഭാഗമായി "കിരണം"എന്ന ഇ-മാഗസീൻ തയ്യാറാക്കാൻ സാധിച്ചതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്.സഹകരിച്ച എല്ലാ ലിറ്റിൽകൈറ്റ്സ് അംഗങ്ങളെയും അദ്ധ്യാപകരെയും നന്ദിയോടെ സ്മരിക്കുന്നു.

സ്നേഹത്തോടെ.................



അഭിനവ് ബി എസ്

9B



അർജ്ജുൻ ടി കെ

9B

# ഉള്ളടക്കം


വേനൽ മഴ..............................06

വഴികാട്ടി................................07

ബാല്യകാലം..........................08

മറവി ഒരു രോഗമല്ല............09

വിളക്ക്....................................10

തയ്യൽക്കാരനും ആനയും.........................11

ലക്ഷ്യസ്ഥനത്തേക്ക് ഓട്ടം..................................13

തിരിച്ചുവരവ്..............................15

പുഴ.....................................18

നീർമഴ.....................................20

അപേക്ഷ..............................22

തേങ്ങൾ.............................................24

ചിരി...................................27

# വേനൽമഴ

ഉറഞ്ഞുപോയ ഉഷരഭ്രുവിൽ
ഊഷ്മളമായൊരു
ഗാഢാശ്ലേഷം...
ഞെട്ടിത്തരിച്ച
കുതറിമാറവേ,
സിരകളേ വീണ്ടും
ചുംബിച്ചുണർത്തി
പരിദേവനങ്ങളുടെ
പരിസമാപ്തിയായ്,



വരണ്ടുണങ്ങിയ
ഹൃദയാന്തരാളങ്ങളിൽ
നീരുറവപോലെയീ
മഴത്തുള്ളികളുടെ കരലാളനം...!

-അഭിലാഷ്

അഭിലാഷ്

# വഴികാട്ടി

നീ നടന്നകന്ന
വഴിയിലെ കാൽ-



പാടുകൾ ആണെൻ വഴികാട്ടി,
നീ തെളിയിച്ചു വെച്ച ദീപത്തിൻ
കിരണമാണെൻ വെളിച്ചം.
നീ പകർന്ന നിൻ
ആശയങ്ങളാണെൻ,
സ്വപ്നങ്ങളാണെൻ വഴികാട്ടി.

-അശ്വനി

# ബാല്യകാലം

കളകമില്ലാതെ ചിരിക്കാൻ കഴിഞ്ഞതും,
ചെറുവേദനകളിലും കരയാൻ
കഴിഞ്ഞതും,
നിസ്സാരകാരത്തിനും പിണങ്ങാൻ
കഴിഞ്ഞതും,
വളരെപ്പെട്ടന്ന് ഇണങ്ങാൻ കഴിഞ്ഞതും,
കുസൃതിയാൽ ചിരിപടത്താൻ
കഴിഞ്ഞതും,
നിഷ്ക ളമായ എൻ ബാലത്തിലായിരുന്നു.
ഇനിയൊരിക്കലും തിരിച്ചു ലഭിക്കാത്ത,
മാധുരത്തിൻെറ വസന്തകാലം,
സുന്ദരമാമെൻ ബാല്യകാലം.

ആര്യൻ

# മറവി ഒരു രോഗമല്ല

മറവി ഒരു ശാപമാണ്



മറവി ഒരു
അനുഗ്രഹമാണ്
ഓർക്കാൻ
ഇഷ്ടമില്ലാത്ത,
വേദനയുടെ നഷ്ടങ്ങളെ
താഴിട്ടുപൂട്ടുന്ന മാന്ത്രികച്ചെപ്പ്
എന്നും ഓർക്കാൻ കൊതിച്ച
ഒരുപിടി നല്ല ദിവസങ്ങളെ
കാരാഗൃഹത്തിലടക്കുന്നവൻ

-അശ്വനി

# വിളക്ക്




ഉള്ളിൽ പഴയ
കവിതനീന്തി-
ത്തെല്ല പോൽ നിന്ന്
ചിരിച്ചെത്ര
ദശാബ്ദങ്ങ പിന്നിട്ടു പോയി
പണ്ടേ തമ്മിൽ വേർപിരിഞ്ഞു
എല്ലുംമിന്നു നടന്നുപോകുന്നത് കാൺകെ
ഇന്നീയിരുട്ടിലിഴഞ്ഞു പോകെ
ഒന്നുമേ കാണുവാൻ വയ്യ
വഴിതെറ്റി നിന്നുപോകെ
അറച്ചൊരു പുന്ചിരി വീന്ട്ടും
ഞാൻ ദിക്കറിയുന്നു, നടന്നിടുന്നു.

അഭിലാഷ്

# <u>തയ്യൽക്കാരനും ആനയും</u>

പണ്ട്, പണ്ട് ഒരു ഗ്രാമത്തിലെ-

ഒരു തറവാട്ടിൽ ഒരു ആനയുണ്ടായിരുന്നു. ആ ആനയ്ക്ക് ഒരു പാപ്പാനുണ്ടായിരുന്നു അവനാണ് കുഞ്ഞപ്പൻ.



ആ ഗ്രാമത്തിലെ ഒരേ ഒരു തയ്യൽക്കട,രാമു ചേട്ടനാണ് നടത്തുന്നത്.കടയിൽ പ്രധാനമായും തുണികളാണ്തയ്ക്കുന്നത്.പക്ഷേകടയിൽഫലവർ ഗങ്ങളുംഅയാൾവിൽക്കാറുണ്ട്.

തയ്യൽക്കടയുടെ അടുത്തായി ഒരു കുളമുണ്ട് ആ കുളത്തിലാണ് കുഞ്ഞപ്പൻ എന്നും ആനയെ കുളിക്കാൻ കൊണ്ട് പോയിരുന്നത് .എല്ലാ ദിവസവും കുളിക്കാൻ പോകും വഴി സൗജന്യമായി കടയിൽ നിന്ന് രാമു ഏട്ടൻ ആനയ്ക്കായി ഒരു പഴം കൊടുക്കാറുണ്ട്.

ഒരുദിവസംകുളിക്കാൻ
പോകും  വഴിതയ്യൽക്കടക്കാരൻ രാമു
അയാളുടെ തയ്യൽ സൂചി കൊണ്ട് ആനയുടെ
ശരീരത്ത് കുത്തി കൊടുത്തു.

ആന ദേഷ്യത്തോടെ ചിന്നം വിളിച്ചു കൊണ്ട്
പ്രതികാര മനോഭാവത്തോടെ

കുളിക്കാൻ പോയി.അപ്പോഴാണ് ആനയ്ക്ക് ഒരു
ബുദ്ധി തോന്നിയത്, അവൻ അത് പയറ്റാൻതന്നെ
തീരുമാനിച്ചു.അവൻ തുംബിക്കയ്യിൽ നിറയെ
വെള്ളവുമായി തിരിച്ചു വരും വഴി  കടയ്ക്ക് മുന്നിൽ
ഒന്ന് നിന്നു.എന്നിട്ട് വെള്ളം മുഴുവൻ
കടക്കാരനുമേലുംഅയാളുടെതുണികൾക്ക്മേലും
ചീറ്റിക്കൊടുത്തു.അതോടെഅയാളുടെ
അഹന്കാരവും നിന്നു.

ഗുണപാഠം;-കൊടുത്താൽ കൊല്ലത്തും കിട്ടും.....

---

<u>അഭിലാഷ്</u>

# ലക്ഷ്യസ്ഥാനത്തേക്ക് ഓട്ടം

അൽപ ദൂരം ഓടിയപ്പോഴേക്കും-

മുയൽ പിന്നിലേക്ക് തിരിഞ്ഞു നോക്കി.അപ്പോൾ

അങ്ങകലെ നിന്ന് ഇഴഞ്ഞ് ഇഴഞ്ഞ് വരുന്ന അവൻ-

ആമയെ കണ്ടു.ഇത്

കണ്ട മുയലിന്


അഹന്കാരം കൂടി .

അവന് താനാണ്

ഏറ്റവും വലിയ

ഓട്ടക്കാരനാണെന്ന-

മനോഭാവം ഉള്ളിൽ



തോന്നി.അവൻ മനസ്സിൽ പറഞ്ഞു-

“ഈ ആമ ഇഴഞ്ഞ് ഇഴഞ്ഞ് വരും നേരം ഒരു സമയമാവും.

അതുകൊണ്ട് അൽപനേരം ഒരു വൃക്ഷത്തിൻ ചുവട്ടിൽ-

ഉറങ്ങാം.അവൻ ഇങ്ങ് എത്താറാവും നേരം എഴുന്നേറ്റ്

ലക്ഷ്യസ്ഥാനത്തേക്ക് ഓടാം." എന്നാൽ മുയൽ

അറിയാതെ-

അങ്ങ് ഉറങ്ങി പോയി.

എന്നാൽ ഈ സമയം-

കൊണ്ട് ആമ  മുയൽ കിടന്നുറങ്ങിയ സ്ഥലവും പിന്നിട്ട്-

ഇഴഞ്ഞ് ഇഴഞ്ഞ് ലക്ഷ്യസ്ഥാനത്തെത്തി.എന്നാൽ കുറച്ച

സമയം കഴിഞ്ഞ് എഴുന്നേറ്റ മുയൽ ആമയെ-

അവിടെയൊന്നും കണ്ടില്ല.അവൻ ഓടി

ലക്ഷ്യസ്ഥാനത്ത്എത്തിയപ്പോഴേക്കും ഓട്ടമത്സരത്തിൽ

ജയിച്ച ആമ അഭിനന്ദനങ്ങൾ ഏറ്റുവാങ്ങുന്നതാണ്

കണ്ടത്.ഇത് കണ്ട മുയൽ ഇളിഭ്യനായിപ്പോയി.

**ആര്യൻ**

# തിരിച്ചുവരവ്



ആ രാത്രി പതിവില്ലാതെ

ഉറക്കം എനിക്കുവരുന്നില്ല. എന്റെ  മനസ്സിൽ വല്ലാത്ത

ഒരു ദുഃഖം. വീട്ടിൽ നിന്ന് പരിഞ്ഞിരിക്കാൻ

തുടങ്ങിയിട്ട് വളരെ-കാലമായി. കോഴിക്കോടിന്റെയും

വീടിന്റെയും വിലമനസ്സിലായത് മുംബൈ എന്ന

മഹാനഗരത്തിൽ എത്തിൽ

എത്തിയതിനുശേഷമാണ്.അമ്മയെ കണ്ടിട്ട്

കുറെനാളായി.ഈ നഗരത്തിന്റെ തിരക്കിലും

ഒട്ടപാച്ചിലിന്റെ ഇടയിൽ ശ്രമത്തെ

അലോചിക്കുമ്പോൾ മനസ്സിന്

കുളിർമത്തോനം.വീട്ടിൽ നിന്ന് കത്തുകൾ

വരാതായപ്പോൾ തിരിച്ചുകത്തയച്ചു.പക്ഷേ തിരികെ

മറുപടി ഒന്നും ലഭിച്ചില്ല.വീട്ടിൽപോകണം എന്ന എത്ര

അഗ്രഹിച്ചിട്ടും തിരക്കുകൾ സമ്മതിക്കുന്നില്ല.

അവസാനം വീട്ടിൽ

പോകാൻ ഞാൻ തിരുമാനിച്ചു.രാവിലെ തന്നെ

റെയിൽവേ സ്റ്റേഷനിലേക്ക് താമസഥലത്തിൽ നിന്ന്

പുറപ്പെട്ടു.തീവണ്ടി കിട്ടി കോഴിക്കോട്ടേക്ക് യാത്ര

ആരംഭിച്ചു.യാത്രവേളമുഴവൻ അമ്മയെക്കുറിച്ചായിരുന്ന

ആലോചന.തന്നെ തന്റെ അമ്മ ഇത്രയും

വർഷങ്ങൾക്കു ശേഷം കാണുമ്പോൾ അമ്മയെങ്ങനെ പ്രതികരിക്കും എന്ന് ഞാൻ ആലോചിച്ചു. കോഴിക്കോട്ട് തീവണ്ടിയിറങ്ങി വീട്ടിലെത്തിയപ്പോൾ ആ വീട് ഒരു പ്രേതാലയം പോലെ ആയിരിക്കുന്നു. എന്റെ മനസ്സിൽ എന്തൊക്കെയോ വികാരവിചാരങ്ങളാൾ നിറഞ്ഞു.

പിന്നെയാണ് ആ സത്യം എനിക്ക് വെളിവായത്. എന്റെ അമ്മ എനിക്കുവെണ്ടിയുള്ള കാത്തിരുപ്പ് വർഷങ്ങൾക്ക് മുമ്പേതന്നെ നിറുത്തി പുതിയൊരു ലോകത്തിലേക്ക് യാത്രയായിരുന്നു.

അർജ്ജുൻ ഡി കെ

# പുഴ



*പുഴയൊഴുകുന്നതു നോക്കിനിൽക്കവേ*
*ഞാനൊരു പുഴയായിരുന്നെങ്കിൽ*
*അറിയാതെ എൻ മനമതാഗ്രഹിച്ചു*
*പുഴയുടെ മനോഹാരിത എന്നെ*

പുഴയോട് ചേരുവാൻ ആഗ്രഹിപ്പിച്ച
പുഴപോലൊഴുകുവാൻ,പുഴലലിയുവാൻ
പുഴയുടെ കൊമ്പോളങ്ങൾ
എന്നെ മാടിവിളിച്ചു
കാട്ടിലും മേട്ടിലുംമ പുൽപ്പരിപ്പിലും
ഒഴുകി ഭൂമിയിലെ ജീവിതങ്ങളെ
തളിർപ്പിക്കുവാൻ ഭൂമിയെ കുളിരണിയിപ്പിക്കുവാൻ
കാട്ടുപൂഞ്ചോലകളിലെ അമൃതധാരയ്ക്കായി
സർവ്വം സഹയാം ധാരയെ പുണ്യമായ്
കണ്ട് ആരാധിച്ച നമ്മുടെ പൂവർവ്വികർ
എന്നാൽ നമ്മളോ അവളെമലിനമാക്കി
അവളിലെ ജീവനെ കുളിരണിയിപ്പിക്കുന്ന
അമൃതധാരയെ വിഷമയമാക്കി..........................
അതിന്റെ ഫലമോ? നമ്മുടെ അനന്തരതലമുറകൾ
അവളിലെ അമൃതധാരയ്ക്കായ് കേഴേണ്ടി വന്നേക്കാം
അന്നവൾക്ക് അവരോട് മാപ്പുനൽകാൻ
കഴിയണേ.............................

അഭിനവ് ബി എസ്സ്

# നീർമഴ



കഠിനമാം ജലസ്രോതസ്സിലെ നീർതുള്ളികൾ

പ്രകാശമേകുന്ന കഠിന ചൂടിൽ

ആമോദത്തോടെ പറന്നുയരവേ.....

ആകാശ ഗോപുരം തീർത്തു മെല്ലെ

പതിയേ നീർ ജലംതണുത്തുറയവേ

എവിടെ നിന്നോ ഒരു തണുത്ത കാറ്റിൽ

നീർ നിറഞ്ഞ മേഘം പെയ്തുതുടങ്ങവേ

മെല്ലെ ആകാശത്തിൽ നിന്നും

ഭ്രമാതാവിൻ ദാഹം തീർക്കാൻ

തൻമൂലം മറ്റുള്ളവർ സന്തോഷിക്കാനായ്

സ്വയം മേഘപാളികളിൽ നിന്നിറങ്ങിയ.....


നീർ കണികകൾ ചേർന്ന് ചേർന്ന്

ജന്മം കൊണ്ട മഴയായി പെയ്തിറങ്ങവേ......

ജെറിൻ ജെ എസ്

---

# അപേക്ഷ




അമ്മയാം പ്രകൃതിയെ വേദനിപ്പിക്കരുതേ മർത്യരേ.........

കുഞ്ഞായിരുന്നനാൾ നിൻ കുസൃതിത്തരം

സർവ്വം സഹയാമവളെ വേദനിപ്പിച്ചെങ്കിലും

അമ്മെയ്ക്കതൊക്കെ സഹിക്കാനായി

പക്ഷേ:നീ യൗവ്വനാവസ്ഥയെ പ്രാപിച്ചപ്പോഴോ

നിൻ ചെയ്തികളും നിന്നുള്ളിലുടലെടുത്ത

സ്വാർത്ഥമോഹങ്ങളും അമ്മയെ വല്ലാതെനോവിച്ചു

തന്റെ വേദനമക്കളെപ്പോഴെങ്കിലും മനസ്സിലാക്കി

തിരുത്തുമെന്നവൾ വെറുതെ പ്രത്യാശിച്ചു

പക്ഷേ,തിരുത്തുവാനാകാതെ മക്കൾ അവരുടെ

തോരോട്ടം തുടർന്നു.........
മക്കൾതന്നെ തിരിച്ചറിഞ്ഞ് തന്റെ വേദനയ്ക്കറുതി
വരുത്തുമെന്ന അമ്മയുടെ പ്രതീക്ഷകൾക്കു
വിരാമമിട്ടപ്പോൾ.........
സർവ്വംസഹയാമവൾ പ്രതികരിച്ചു
സ്ഫോടനമായും,ഉരുൾപൊട്ടലായും,
സുനാമിയായും,മഹാമാരിയായും .........
വെറുതെ നില്ക്കാനാകാതെ പകച്ച്
മക്കൾ തിരിഞ്ഞുനോക്കി
ശാന്തസ്വരുപിയാം അമ്മ രൗദ്രരുപിണിയായിരിക്കുന്നു
അതിനുള്ള കാരണം താൻ
തന്നെയാണെന്നവൻ മനസ്സിലാക്കിയപ്പോഴോ....
നഷ്ടങ്ങൾ........നഷ്ടങ്ങൾ........നഷ്ടകണക്കുകൾ
ബാക്കി മാത്രം.....
അല്ലയോ മർത്യാ ഇനിയെങ്കിലും
നിർത്തിക്കൂടേ സർവ്വംസഹയായ
മാതാവിൻ ഹൃദയഭേദകമാം നിൻ ചെയ്തികൾ.

ശശിലേഖ എൽ കെ

# തേങ്ങൽ

ഒരു ചെറു പട്ടണത്തിൽ താമസിക്കുന്ന കുട്ടിയാണ് അബി.അവൻ



തൻെറ ചെറു
പട്ടണത്തിൽ ആർ
ത്തുല്ലസിച്ചു നടന്നു.ആ
ഇടയ്ക്കാണ്
തങ്ങളുടെ രാജ്യം
യുദ്ധത്തിൽ പങ്കെടുക്കാൻ
തീരുമാനിച്ചു എന്ന്

അവൻ വാർത്തകളിലൂടെ അറിയുന്നത്. അവൻെറ പട്ടാളക്കാരനായ അച്ഛൻ യുദ്ധത്തിനായി പോയി. അവന് യുദ്ധം എന്ന വാക്ക് ഒരു പരിചയവുമില്ലായിരുന്നു.അവൻ അവൻെറ മുത്തശ്ശനോട് യുദ്ധം എന്താണ് എന്ന് ചോദിച്ചു. മുത്തശ്ശൻ യുദ്ധം ആർക്കും വിജയം നല്കാത്ത നഷ്ടങ്ങൾ മാത്രം നല്കുന്ന ഒരു മനുഷ്യൻെറ തന്നെ പ്രതീകമാണ് എന്ന് അവന് പറഞ്ഞു കൊടുത്തു.കുഞ്ഞ് അബിയ്ക്ക് ഒന്നും മനസ്സിലായില്ല. അവൻെറ അച്ഛനേയും കാത്ത്

അവൻ അകലെ കുന്നിൻ ചരിവിൽ ചിത്രശലഭങ്ങളോടൊപ്പം ഓടിക്കളിച്ചും സംസാരിച്ചും  പാട്ടു പാടിയും ചിരിച്ചും പുൽമേട്ടിൽ ഇരിക്കുമ്പോൾ തനിക്ക് കണ്ട് പരിചയമില്ലാത്ത കുറച്ചു വിമാനങ്ങൾ പറന്ന് തൻെറ മുകളിലൂടെ പട്ടണം ലക്ഷ്യം ആക്കി പറന്ന് പോകുന്നതു കണ്ടു. പട്ടണത്തിൻെറ മുകളിലെ ത്തിയപ്പോൾ ആ വിമാനങ്ങൾ അഗ്നിചീളുകൾ വാരിവിതറി ആ പട്ടണത്തെ മുഴവൻ അഗ്നിഗോളമാക്കി.അവൻ പകച്ച് ബോധം നഷ്ടപ്പെട്ടവനെപ്പോലെ നിന്നു.അവനു ബോധം ലഭിച്ചപ്പോൾ അവൻ അവൻെറ സർവ്വ ശക്തിയുമെടുത്ത് വീട്ടിലേക്ക് ഓടി. പക്ഷേ അവന് ഒന്നും അവശേഷിക്കാത്ത പട്ടണത്തിൽ ഒന്നും മനസ്സിലാക്കാനോ വീടുകളും ആളുകളും എവിടെ പോയെന്നോ മനസ്സിലാക്കാൻ സാധിച്ചില്ല.അവൻ ആ പട്ടണത്തിൻെറ പാത യിലൂടെ നിങ്ങൾ എവിടെയാ? എവിടെയാ? എന്ന് വളിച്ചുവിളിച്ച് കണ്ണീർക്കണങ്ങൾ പൊഴിച്ചു കൊണ്ട് ഒരു അനാഥനെപ്പോലെ ഓടി.... ദിക്കും ദിശയുമറിയാതെ തേങ്ങിത്തേങ്ങി.......

അർജ്ജുൻ എസ് ബി



# ചിരി

അവന്റെ വീട്ടു മുറ്റത്തു നിന്നും തുടങ്ങുന്ന ഇടവഴിയിലൂടെ താഴേക്ക് ഇറങ്ങി.അവന്റെ കയ്യിലെ പത്തലുകൊണ്ട് ചുവന്നുതുടുത്ത തെച്ചിക്കാടുകളെ അടിച്ചുലച്ചു.അവന്റെ ചിരി അവിടെ വീണു ചിതറി ചോര കക്കിയ തെച്ചിപ്പൂക്കൾ .അതുകണ്ട് ഇളകിചിരിച്ചു.




ഉച്ചവെയിൽ അവൻെറ മേലെ പാറിവീണു.ഓരോ കാറ്റിൻെറ മുഴക്കത്തിലും അവൻ തിരിഞ്ഞു നോക്കുന്നുണ്ടായിരുന്നു.തൻെറ വീട് അവിടെ തന്നെയുണ്ടായിരുന്നു.കാറ്റത്ത് പാറിപോയിട്ടില്ല.

"മോനെവിടേക്ക്പോവാ " നാണുമുത്തിയാണ്. അവൻ ചുമലുകൾ ഉയർത്തി പിന്നെ ഒരു ശബ്ദവും. നാണു മുത്തി ചിരിച്ചു.പല്ലില്ലാത്ത നനുത്ത ചിരി.

നാണുമുത്തിയെ കണ്ടപ്പോഴാണ് അവരുടെ തൊലിപോലെ ചുളുങ്ങിയ പുളിയിഞ്ചിയെപറ്റി അവനോർമ്മ വന്നത്. കിതച്ചുകൊണ്ട് ചരൽ വീട്ടു പടിക്കൽപത്തലു വലിച്ചെറിഞ്ഞ് അടുക്കളയിലേക്കു

പാഞ്ഞു.വീട്ടു പടിക്കൽ ചുമരിലായി നിറഭേദമുള്ള ചിത്രങ്ങൾ അവനെ നോക്കി ചിരിക്കുന്നുണ്ടായിരുന്നു.പ്രകാശവലയങ്ങളുള്ള ചിത്രങ്ങൾ.കാഴ്ച യിൽ വ്യത്യസ്തരെങ്കിലും ചിരികൊണ്ട് തുല്യരായവർ.അടുക്കളയിൽ അമ്മ അരി ആട്ടുകയായിരുന്നു.അവൻ പതുങ്ങിച്ചെന്ന്  മേശവലിപ്പു തുറന്നു. കുഞ്ഞാ ഞെട്ടിതിരിഞ്ഞുനോക്കുമ്പോൾ അമ്മ. അമ്മയുടെ മുഖത്തു നോക്കാതെ നിന്നവൻ ചിരിച്ചു.കാശുകിട്ടാൻ നിർവാഹം ഇല്ലെന്നായപ്പോൾ മിക്സി ഓഫാക്കി അവൻ പ്രതിഷേധിച്ചു. തല്ലിൻെറ ചവർപ്പ് അവനെ സ്പർശിക്കുമെന്നായപ്പോൾ മെല്ലെ മുഖം താഴ്ത്തി വെളിയിൽ കട്ടിളപ്പടിമേൽ ഇരിപ്പുറപ്പിച്ചു.വേലിക്കപ്പുറം സൂര്യൻ  തുടുത്തു വരികയാണ്.പുറകിൽ കാശുമായി അമ്മ അവനെ വിളിച്ചു.നിറഞ്ഞ ചിരിയുമായി അതുവാങ്ങിയവൻ പുറത്തേക്കോടി.

നാണുമുത്തിയുടെ വീട്  കഴിഞ്ഞാൽ പിന്നെ വളവാണ്. വളവിൻെറ അറ്റം കുട്ടപ്പനപ്പൂപ്പൻെറ കട.വീട്ടിൽ നിന്നിറങ്ങിയപ്പോൾ അത്ര മാത്രമേ അവനോർമ്മയുണ്ടായിരുന്നുള്ളൂ. പളുങ്കുകുപ്പിയിലെ പുളി ഇഞ്ചി കുഞ്ഞൻെറ വായിലാകെ വെള്ളം നിറച്ചു. ബാക്കി കിട്ടിയ അഞ്ചു

രൂപ അവൻ കൈയിൽ ചുരുട്ടി വച്ചു. പുളയിഞ്ചി നണഞ്ഞിറക്കി വരുമ്പോൾ ഒരു ചിത്രം പോലെ അതു തെളിഞ്ഞു വന്നു. കുത്തേറ്റ മുറിവിലൂടെ രക്തം ഒലിപ്പിച്ചോടുന്ന മൂസാക്കയുടെ മകൻ. ആരൊക്കയോ ചേർന്ന് പിടിച്ചുമാറ്റുന്ന ചെറിയച്ഛൻ. അന്നു വീട്ടിൽ വന്ന വല്യമ്മയോട് അമ്മ പറയുകയായിരുന്നു പാറു ചേച്ചിയെ മൂസാക്കയുടെ മോന് ഇഷ്ടം ആയിരുന്നുവെന്ന്. ഇഷ്ടാണെങ്കിൽ കുത്താ ചെയ്യാ.....? അമ്മയ്ക്ക് എന്നെ ഇഷ്ടമല്ലേ പിന്നെന്തേ....? അച്ഛൻ പുറത്താണെന്ന് അമ്മ എപ്പോഴും പറയാറുണ്ടല്ലോ. പിന്നെന്തെ അച്ഛനെ കുത്താത്തെ?

പുളിയിഞ്ചി അവൻെറ നൂറായിരം ചോദ്യങ്ങളുമായി അലിഞ്ഞിറങ്ങി.ചെത്തിക്കാടിനു തീ പിടിക്കുകയായിരുന്നു.സൂര്യൻ ഉരുകിയൊലിച്ചു അതിനു മീതെ വീണു.അവൻെറ കാലിൽ എന്തോ തറച്ചിരുന്നു.കുറ്റിമുള്ളാണ്. അവനതിനെ മെല്ലെ വലിച്ചെടുത്തു.തൻെറ കൈയിൽ ചുരുട്ടിയ അഞ്ചു രൂപയിൽ കുത്തി വച്ചു. ചെത്തിക്കാട്ടിൽ കണ്ട അതേ ചോര നിറം.അന്നത്തെ മുറവിൽ കണ്ട അതേ നിറം. അതിൽ കാഴ്ച മങ്ങിയ ഒരാൾ കണ്ണട വച്ച് ചരിക്കുന്നുണ്ടായിരുന്നു. രക്ത നിറം ആ ചിരികൾക്കുടയിലൂടെ പടർന്നിറങ്ങി.ചുവരിൽ കണ്ട അതേ ചിരി. മോണ കട്ടിയ നനുത്ത ചിരി.

- **ശ്രീതു എസ് എൽ**

# LITTLE KITES BATCH 2022 2025



# LITTLE KITES BATCH 2023-2026



LITTLE KITES BATCH 2021 2024




നന്ദി
MALAYALAM CALLIGRAPHY

school wiki

# govt. H S Kanjiramkulam